# അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയം

**LID&EW Section,Ramamangalam**

**686663**

**Email**:aeramamangalam@gmail.com Ph no: 0485-2277323


നം ഇ- 2/AE/RLM/2026-27 22.08.2026

# ലഘു ക്വട്ടേഷൻ പരസ്യം

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിങ്ങ് വിഭാഗം, രാമമംഗലം ഗ്രാമപ്പഞ്ചായത്ത് LID&EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യത്തിനായി 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് **എ സി സൗകര്യമുള്ള** വാഹനം വാടകയ്ക്ക് നൽകുവാൻ താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷന് ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസിസ്റ്റന്റ് എഞ്ചിനിയർ
LID & EW സെക്ഷൻ
രാമമംഗലം 686663

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി: 03-09-2026 , 1 PM
ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന തീയതി: 03-09-2026 , 4 PM

## വ്യവസ്ഥകൾ

1 ഒരുമാസം 2000 കി.മീ. ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. പരമാവധി അനുവദിക്കാവുന്ന തുക 36,000/ രൂപ ആകുന്നു.

2. അധിക നിരക്ക് കണക്കാക്കുന്നത് മൂന്ന് മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ചു 6000 കിലോമീറ്റർ അധികരിക്കുമ്പോൾ ആയിരിക്കും. ആയതിനു 6000 കിലോമീറ്റർ കഴിയുന്ന ഓരോ കിലോമീറ്ററിനുമുള്ള നിരക്ക് പ്രത്യേകം കൊട്ട് ചെയേണ്ടതാണ്.

3. ക്വട്ടേഷന് സമർപ്പിക്കുന്ന കരാറുകാരൻ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ ഉടമ്പടി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതും ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതുമാണ്.

4. ഇന്ധന ചെലവ്, വാഹനത്തിന്റെ ഇൻഷുറൻസ്, ടാക്സ്, അറ്റകുറ്റപ്പണികൾ,ഡ്രൈവറുടെ ശമ്പളം , ബാറ്റ തുടങ്ങിയ മറ്റെലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വാട്ട് ചെയ്യേണ്ടത്.

5. വാഹനത്തിന്റെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എലാ രേഖകളും ഉണ്ടായിരിക്കേണ്ടതും. അയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്..

6. ലേലവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടിലാത്തതും ക്വട്ടേഷൻ അംഗീകരിച്ചതിനു ശേഷം വാഹനത്തിന്റെ ഉടമസ്ഥാവകാശം ക്വട്ടേഷൻ കൊണ്ട ആളുടെ പേർക്ക് സ്വന്തം ചിലവിൽ 15 ദിവസത്തിനകം മാറ്റേണ്ടതാണ്. അലാത്ത പക്ഷം ഉണ്ടാകുന്ന യാതൊരു കഷ്ടനഷ്ടങ്ങൾക്കും പഞ്ചായത്ത് ഉത്തരവാദി ആയിരിക്കുന്നതല.

# അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയം

**LID&EW Section,Ramamangalam**

**686663**

**Email**:aeramamangalam@gmail.com Ph no: 0485-2277323


7 ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിഷിപ്തമായിരിക്കും.

8. "തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം രാമമംഗലം ഗ്രാമപഞ്ചായത്ത്" എന്ന ഔദ്യോഗിക ബോർഡ് വാഹനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. വാഹനം ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ മാത്രമേ വകുപ്പിന്റെ ഔദ്യോഗിക ബോർഡ് വാഹനത്തിൽ പ്രദർശിപ്പിക്കാൻ പാടുള്ളൂ എന്നും അല്ലാത്ത സമയങ്ങളിൽ ഔദ്യോഗിക ബോർഡ് നിർബന്ധമായും മറയ്ക്കുകയോ അഴിച്ചു മാറ്റുകയോ ചെയ്യേണ്ടതാണ്.

9. വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

10 അവധി ദിനങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

11 കരാര് വയ്ക്കുന്ന സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർകാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.

12 ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

13. ഓഫീസില് നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോ മീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക. വെയ്റ്റിംഗ് ചാർജ് തുടങ്ങിയ അധിക ചിലവുകൾ അനുവദിക്കുന്നതല്ല

14. ക്വാട്ട് ചെയ്ത തുകയുടെ ആദായ നികുതി കുറവ് ചെയ്യുന്നതാണ്. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തിക്ക് കരാർ ലഭിക്കുന്ന തുകയുടെ 1% TDS ഇനത്തിൽ കുറവ് ചെയ്യുന്നതാണ്.

15. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്മെന്റിന്റെ പാൻ (PAN) കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

16. ക്വട്ടേഷൻ സമർപ്പിക്കേണ്ട ഫോറം ഈ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

17. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാമമംഗലം എൽ എസ് ജി ഡി സെക്ഷൻ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

അസിസ്റ്റന്റ് എഞ്ചിനിയര്

ASSISTANT ENGINEER
LID & EW SECTION
RAMAMANGALAM GP
RAMAMANGALAM - 686 663